# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ആനക്കര ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 20/1807/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 15/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനക്കര ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 20/1807/2023 തീയ്യതി: 15/12/2023

## പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-03-2023 മുതൽ 01-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വി.കെ.രാം മനോഹർ | ഡെപ്യൂട്ടി ഡയറക്ടർ | 02-11-2023 | 10-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-11-2023 | 10-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.കെ.ആർ.പ്രകാശ് ബാബു,ഓഡിറ്റ് ഓഫീസർ

ശ്രീ.കെ.സി.ഹരി ഗോബിന്ദ്,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.വി.ആർ.ഷീജ,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.കെ.വി.സന്ദീപ്,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.കെ.മുഹമ്മദ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ.ഇ.എൻ.ഹരി നാരായണൻ | സെക്രട്ടറി | 01-04-2022 | 29-12-2022 |
| ശ്രീ.പി.കെ.രാജേന്ദ്രൻ | സെക്രട്ടറി | 30-12-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.എസ്.ബിന്ദു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സരിത കെ.പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. റജീന എം.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ഫസനത്ത് അറബി | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി.ബിനീത വിൽസൻ | അസി.എഞ്ചിനീയർ | 01-04-2022 | 01-08-2022 |
| ശ്രീമതി.കെ.എസ്.സൂര്യ സുരേഷ് | അസി.എഞ്ചിനീയർ | 02-08-2022 | 31-03-2023 |
| ശ്രീമതി.ആതിര എൻ | ക്ഷീര വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.എം.ജി.പ്രസീദ | അസി.സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീ.കെ.എസ്. അപ്പു | അസി.സെക്രട്ടറി | 24-04-2022 | 31-03-2023 |
| ഡോ. പ്രദീപ് ജേക്കബ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.അബ്ദുൾ ബഷീർ സി | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 01-04-2022 | 17-04-2022 |
| ഡോ.ധന്യ എം | മെഡിക്കൽ ഓഫിസർ(ഹോമിയോ) | 18-04-2022 | 31-03-2023 |
| ശ്രീ.എം.പി.സുരേന്ദ്രൻ | കൃഷി ഓഫീസർ | 01-04-2022 | 11-08-2022 |
| ശ്രീ.അജിത് കൃഷ്ണ സി.കെ | കൃഷി ഓഫീസർ | 12-08-2022 | 07-09-2022 |
| ഒഴിവ് | കൃഷി ഓഫീസർ | 08-09-2022 | 27-09-2022 |
| ശ്രീമതി.സഹന ഹംസ | കൃഷി ഓഫീസർ | 28-09-2022 | 31-03-2023 |
| ശ്രീ.സി.പ്രിയദർശനൻ | എച്ച്.എം.,ജിഎൽ.പി.എസ് | 01-04-2022 | 30-05-2022 |
| ശ്രീ.എം.എൻ.മണികണ്ഠൻ | എച്ച്.എം.,ജിഎൽ.പി.എസ് | 31-05-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത | 1-1-2 |
| 4 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ് | 1-1-3 |
| 5 | ഡെപ്പോസിറ്റ് -വരവ് തുക രജിസ്റ്ററിലേയും AFS ലേയും തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | Contractors Security Deposit തുക AFS ൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു | 1-1-5 |
| 7 | കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തൊഴിൽ നികുതി പിരിവിൽ അപാകതകൾ | 1-11 |
| 18 | എം.എസ്.എം.ഇ കളുടെ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 1-12 |
| 19 | വാടക കെട്ടിടങ്ങൾക്ക് ബൈലോ തയ്യാറാക്കിയിട്ടില്ല | 1-13 |
| 20 | ഇ-ടെന്റർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല | 1-14 |
| 21 | കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ് | 1-15 |
| 22 | സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം - അപാകങ്ങൾ | 1-16 |
| 23 | തെരുവു വിളക്ക് പരിപാലനം -അപാകതകൾ | 1-17 |
| 24 | ഹരിതമിത്രം സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ് | 1-18 |
| 25 | ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 26 | കൗ ലിഫ്റ്റ് വാങ്ങൽ പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-20 |
| 27 | അടുക്കള മുറ്റത്ത് കോഴി വളർത്തൽ പദ്ധതി - മോണിറ്ററിംഗ് നടത്തിയിട്ടില്ല | 1-21 |
| 28 | ഹോമിയോ ആശുപത്രിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-22 |
| 29 | ലൈഫ് ഭവന നിർമ്മാണ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 30 | ഫർണീച്ചറുകൾ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല | 1-24 |
| 31 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം - വിശദാംശം ലഭ്യമാക്കേണ്ടതാണ് | 1-25 |
| 32 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം-അവലോകനം | 1-26 |
| 33 | ജി.എസ്.ടി ബാധകമല്ലാത്ത സേവനത്തിന് ജി.എസ്.ടി തുക അനുവദിച്ചു | 1-27 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഓഡിറ്റ് ചെയ്ത വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് (5(1) Dated 05-07-2023 പ്രകാരം 22-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ആനക്കര ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **ആനക്കര ഗ്രാമപഞ്ചായത്തിന്റെ** 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

സ്ഥലം: പാലക്കാട്

തീയതി: -15-12-2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62ഇ പ്രകാരം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ (പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ,

ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ).

**1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകത**

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **6990127** രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് **10822210** രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-1-3 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിന്റെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്താതെയാണ് വാർഷിക കണക്ക് തയ്യാറാക്കിയിട്ടുള്ളത്.

**1-1-4 ഡെപ്പോസിറ്റ് -വരവ് തുക രജിസ്റ്ററിലേയും AFS ലേയും തുകകൾ പൊരുത്തപ്പെടുന്നില്ല**

രജിസ്റ്റർ പ്രകാരം Contractors Retention ഇനത്തിലെ വരവ് തുക 21573 രൂപയാണെങ്കിലും AFS ൽ ആയത് വരവിലെടുത്തതായി കാണുന്നില്ല.

**1-1-5 Contractors Security Deposit തുക AFS ൽ കുറവായി രേഖപ്പെടുത്തിയിരിക്കുന്നു**

Contractors Security Deposit ൽ തൻവർഷം 55000 രൂപ രജിസ്റ്റർ പ്രകാരം വരവുണ്ടെങ്കിലും AFS ൽ 44000 രൂപയാണ് വരവ്. 11000 രൂപയുടെ കുറവ് വന്നതിന്റെ വിശദീകരണം ലഭ്യമല്ല.

**1-1-6 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല**

3 വർഷം കാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാത്ത ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ നൽകുന്നു.

| ക്രമ നം. | ഇനങ്ങൾ | തുക |
|---|---|---|
| 1 | BIDDERS EMD | 15600 |
| 2 | SUPPLIERS SECURITY DEPOSIT | 10500 |
| 3 | CONTRACTORS RETENSION | 338136 |

**1-2 ബജറ്റ്**

2022-23 വർഷത്തെ ബജറ്റ് 26-03-2022 തിയതിയിലെ തീരുമാനം 1(1) പ്രകാരം അംഗീകരിച്ചു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 17191769 | 211076100 | 228267869 | 214656800 | 13611069 |

വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല.

**1-3 സാമ്പത്തിക വിശകലനം**

| | |
|---|---|
| മുന്നിരിപ്പ് | 21279234 |
| വരവ് | 35996324 |
| ആകെ | 57275558 |
| ചെലവ് | 29006197 |
| നീക്കിയിരിപ്പ് | 28269361 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 14861679 | 14861679 | 13489677 | 1372002 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 15304321 | 15304321 | 11828708 | 3475613 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 14071000 | 14071000 | 6771970 | 7299030 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് | 0 | 5325000 | 5325000 | 4804769 | 520231 |
| CFC ഗ്രാന്റ് – Untied Treasury | 0 | 921740 | 921740 | 287052 | 634688 |
| CFC ഗ്രാന്റ് – Untied Bank | 1683834 | 2930537 | 4614371 | 1906936 | 2707435 |
| CFC ഗ്രാന്റ് – Tied Treasury | 0 | 1293027 | 1293027 | 727820 | 565207 |
| CFC ഗ്രാന്റ് – Tied Bank | 3039970 | 4062000 | 7101970 | 1365025 | 5736945 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | | |
| MGNREGS | 162 | 35085355 | 35085517 | 35084043 | 1474 |
| TSC | 0 | 192000 | 192000 | 192000 | 0 |
| ICDS | 479996 | 1453050 | 1933046 | 0 | 1453050+479996 = 1933046 |
| Health Grant – Wellness Centres | 0 | 171318 | 171318 | 0 | 171318 |
| Health Grant-diagnostic Infrastructure | 0 | 317647 | 317647 | 0 | 317647 |
| സംസ്ഥാനാവിഷ്കൃത പദ്ധതികൾ | | | | | |
| ലൈഫ് മിഷൻ ഗ്രാന്റ് | 107875 | 0 | 107875 | 0 | 107875 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2217613 | 0 | 2217613 | 0 | 2217613 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | (എണ്ണം) | | |
|---|---|---|---|---|---|---|
| 282 | 164853354 | 177 | 53652434 | 0 | 105 | 62.76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 5186388 | 4001227 | 77.14 |
| വി.ഇ.ഒ -I | 8 | 4 | 15721360 | 2762098 | 17.56 |
| വി.ഇ.ഒ -II | 18 | 17 | 72775540 | 10446705 | 14.35 |
| ICDS സൂപ്പർവൈസർ | 14 | 12 | 5933267 | 4952026 | 83.46 |
| സെക്രട്ടറി | 35 | 22 | 13585332 | 7304590 | 53.76 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 158 | 85 | 36866822 | 16040121 | 43.50 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 7 | 3258207 | 2947219 | 90.45 |
| മെഡിക്കൽ ഓഫീസർ-ISM | 6 | 6 | 1445418 | 1445418 | 100 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 1 | 265000 | 200000 | 75.47 |
| വെറ്ററിനറി സർജ്ജൻ | 8 | 6 | 2161240 | 955831 | 44.22 |
| അസി.സെക്രട്ടറി | 13 | 6 | 6654780 | 1788399 | 26.87 |
| ക്ഷീര വികസന ഓഫീസർ | 1 | 0 | 150000 | 0 | 0 |
| ഹെഡ് മാസ്റ്റർ | 3 | 3 | 850000 | 808800 | 95.15 |
| ആകെ | 282 | 177 | 164853354 | 53652434 | 32.54 |

**ക്ഷീര വികസന ഓഫീസർ പദ്ധതി നടപ്പിലാക്കിയിട്ടില്ല. വി.ഇ.ഒ, അസി.സെക്രട്ടറി എന്നിവരുടെ ചെലവ് ശതമാനം തികച്ചും പരിമിതമാണ്. ഫണ്ട് വിനിയോഗത്തിൽ വരുന്ന കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നതിന് പുറമെ തുടർവർഷം അനുവദിക്കപ്പെടുന്ന ഫണ്ട് ലഭ്യതയെ കാര്യമായി സ്വാധീനിക്കാൻ ഇടയാക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തിര പരിഗണന നൽകേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| MGNREGS | തൊഴിലാളി കളുടെ കൂലി | 0 | 27281000 | 27281000 | 27281000 | 0 |
| | മെറ്റീരിയൽ | 0 | 6163000 | 6163000 | 6163000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | വില | | | | | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 162 | 1641355 | 1641517 | 1640043 | 1474 |
| ആകെ | | 162 | 35085355 | 35085517 | 35084043 | 1474 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 1525800 | 1110 |
| 2 | വിധവാ പെൻഷൻ | 11218600 | 7165 |
| 3 | വാർദ്ധക്യകാല പെൻഷൻ | 22804400 | 15649 |
| 4 | വികലാംഗ പെൻഷൻ | 2719800 | 1754 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 953400 | 617 |
| 6 | തൊഴിൽരഹിത വേതനം | 0 | 0 |
| | **ആകെ** | **39222000** | **26295** |

## 1-8 ക്യാഷ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-11-2023 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 5142 രൂപയുടെ വരവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. ഗ്രാമസഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമസഭ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല. ഗ്രാമസഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംഗ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

8. എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

2022 ഡിസംബർ മാസത്തെ ഓഡിറ്റാണ് പെർഫോമൻസ് ഓഡിറ്റ് അവസാനമായി നടത്തിയത്. ഖണ്ഡികകൾ ഒന്നും തീർപ്പാക്കാൻ അവശേഷിക്കുന്നില്ല.
1997-98 മുതൽ 2002-03 വരെയുള്ള കാലയളവിലെ ഓഡിറ്റ് അക്കൗണ്ടന്റ് ജനറൽ 07/2003 ൽ നടത്തിയിട്ടുണ്ട്. പരാമർശങ്ങൾ ഒന്നും തീർപ്പാക്കാനില്ല.

## 1-11 തൊഴിൽ നികുതി പിരിവിൽ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകളിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി **കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996** പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

ആനക്കര ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 56 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിട്ടുള്ളത്. സ്ഥാപന തൊഴിൽ നികുതിയായി നിശ്ചിത തുകയാണ് ഈടാക്കി വരുന്നത്.

ജീവനക്കാരുടെ തൊഴിൽ നികുതി - 844760 /- രൂപ

സ്ഥാപന തൊഴിൽ നികുതി -18950 /-രൂപ

ട്രേഡേഴ്സിന്റെ തൊഴിൽ നികുതി -108550 /- രൂപ

ആകെ - 972260 /-

**1) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

| രജിസ്റ്റർ പ്രകാരം ക്രമനം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 25 | KSEB കമ്പിടി | I & II |
| 35 | SBI കൂടല്ലൂർ | I & II |
| 41 | എലഗന്റ് മാർക്കറ്റിംഗ് കമ്പിടി | I & II |
| 43 | KR മേയ്ക്കൽ ഗ്രൂപ്പ് ഹെൽത്ത് കെയർ സിറ്റി | I & II |
| 45 | MT ഡെന്റിസ്റ് ഫാമിലി ഡെന്റൽ കെയർ | I & II |
| 48 | KS ഹോളോബ്രിക്സ് | I & II |

**2) ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അപേക്ഷ പ്രകാരം സ്ഥാപനത്തിലെ ജോലിക്കാരുടെ എണ്ണം | കെട്ടിട നമ്പർ |
|---|---|---|---|
| 1 | LYKME SEWING | 5 | 12/254 F |
| 2 | JANVI TRADERS & TAILERING SHOP | 4 | 13/376 A |
| 3 | PAKATH INDUSTRIES | 6 | 4/134 |
| 4 | FOOD PROCECSSING & EXPORTS PVT LTD | 4 | 14/26&27 |
| 5 | DAP EN | 6 | 7/397 A |
| 6 | QUALITY FOOD PRODUCTS | 9 | 11/260 |

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണം 15/10.11.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ഓഡിറ്റ് നിർദ്ദേശം**

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

**1-12 എം.എസ്.എം.ഇ കളുടെ വസ്തു നികുതി നിർണ്ണയത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്**

MSME കെട്ടിടങ്ങളിലെ ഫയൽ പരിശോധനയിൽ 2022-23 വർഷത്തിൽ 4 MSME കൾ സഞ്ചയയിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ MSME സ്ഥാപനങ്ങളുടെ ഉദ്യോഗ് ആധാർ മെമ്മോറാണ്ടം/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, Acknowledgement Certificate, MSME രജിസ്റ്റർ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല എന്ന് സെക്ഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ താഴെ പറഞ്ഞ സ്ഥാപനങ്ങൾ യഥാർത്ഥ MSME കളാണോ എന്ന് ഉറപ്പ് വരുത്താൻ കഴിഞ്ഞില്ല.

| ക്രമ നം. | കെട്ടിട നമ്പർ | സഞ്ചയയിലെ പേര്/ വിലാസം | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) |
|---|---|---|---|---|
| 1 | 7/8 A | ജമീല പുറയങ്ങാട്ടിൽ, പറക്കുളം, മലമൽകാവ് | MSME | 25 |
| 2 | 11/258 A | പങ്കജം മുണ്ടക്കോട്ട പറമ്പിൽ, ആനക്കര, ആനക്കര | MSME | 38.18 |
| 3 | 13/104 A | ലക്ഷ്മിക്കുട്ടിയമ്മ മുതൽ പേർ ഇല്ലത്ത വളപ്പിൽ ഹൗസ്, ആനക്കര, ആനക്കര | MSME | 61.55 |
| 4 | 16/209 B | റഹ്മത്ത് മുതൽ പേർ കോടക്കാട്ട് വളപ്പിൽ, പന്താവൂർ | MSME | 641.19 |

ഓഡിറ്റ് അന്വേഷണം നം. 14/10.11.2023 ന് മറുപടി ലഭ്യമായിട്ടില്ല.

**ഓഡിറ്റ് നിർദേശം**

* MSME സ്ഥാപനങ്ങളെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നിയമാനുസൃത ഫീസ് ഈടാക്കേണ്ടതാണ്.

**1-13 വാടക കെട്ടിടങ്ങൾക്ക് ബൈലോ തയ്യാറാക്കിയിട്ടില്ല**

വാടക രജിസ്റ്റർ പ്രകാരം വാടകയ്ക്ക് നൽകിയിട്ടുള്ള **5** കടമുറികളുടെ പരിപാലനം കാര്യക്ഷമമാക്കുന്നതിനായി **ബൈലോ** തയ്യാറാക്കിയതായി കാണുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256-ാം വകുപ്പ്, 1995 ലെ കേരള പഞ്ചായത്ത് രാജ്(ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം) ചട്ടങ്ങളിലെ ചട്ടം 3 (5, 6, 7) പ്രകാരം ബൈലോ തയ്യാറാക്കി നാളിതുവരെ സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. ചട്ടം 3(6) പ്രകാരം സർക്കാരിന്റെയോ, സർക്കാരിനാൽ

അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം കിട്ടുന്നതുവരെ ബൈലോയ്ക്കോ അല്ലെങ്കിൽ ബൈലോയുടെ റദ്ദാക്കലിനോ യാതൊരു പ്രാബല്യവും ഉണ്ടായിരിക്കുന്നതല്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.

ഓഡിറ്റ് അന്വേഷണം നം. 14/10.11.2023 ന് മറുപടി ലഭ്യമായിട്ടില്ല.

## 1-14 ഇ-ടെൻഡർ ഫോറം വില ഇനത്തിൽ ലഭിച്ച രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിലായി പഞ്ചായത്തിൽ നിന്നും ഇ- ടെൻഡർ നടത്തിയ വകയിൽ പഞ്ചായത്തിനു ലഭിക്കേണ്ട ടെൻഡർ ഫോറം വില അതാത് പഞ്ചായത്തുകൾക്ക് ലഭിക്കേണ്ടതിനുപകരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിച്ചു വന്നിരുന്നത്. ഇക്കാര്യം ജില്ലാ പഞ്ചായത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചതിനെ തുടർന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും അസി.എഞ്ചിനീയറുടെ-SBI, കുമ്പിടി ബ്രാഞ്ചിൽ 67052300625 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും 72222/- രൂപ നീക്കിയിരിപ്പായി അവശേഷിക്കുകയും ചെയ്യുന്നുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നാളിതുവരെ നിക്ഷേപിച്ചിട്ടില്ല. ആയത് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.21/13-11-2023 ന് മറുപടി ഒന്നും ലഭിച്ചില്ല)

## 1-15 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരം:

| | |
|---|---|
| പ്രോജക്റ്റ് നം., | S0208/23 |
| പേര് | വയോജനങ്ങൾക്ക് കട്ടിൽ (SC) |
| വികസന ഫണ്ട് (S.c.p) | 6,99,166/- |
| തനത് ഫണ്ട് | 1,184/- |
| അടങ്കൽ | 7,00,350/- |
| ബിൽ നം./തീയതി | 07/22-23 /24/3/'23 |
| ചെലവ് | 2,21,940/- |

പട്ടികജാതിയിൽ ഉൾപ്പെട്ട നിരാലംബരും, നിർദ്ധനരുമായ വയോജനങ്ങൾക്ക് 60 കട്ടിൽ നൽകുവാനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. 22.12.2022 ലെ തീരുമാനം നം.5 പ്രകാരം പർച്ചേസ് നടപടിക്രമങ്ങൾക്കുള്ള പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ശുപാർശ ലഭിച്ചിട്ടുണ്ട്.

60 കട്ടിലുകൾക്ക് ഏറ്റവും കുറവ് തുക ക്വോട്ട് ചെയ്ത പാലക്കാട്ടെ സിഡ്കോ, സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിച്ചിട്ടുണ്ട്. സിഡ്ക്കോയിലേക്ക് തുക കൈമാറിയതിന്റെ വിശദവിവരം:

ഇൻവോയ്സിന്റെ വിവരം :

നം.PKD.,/22-23/148 തീയതി : 14/03/'23

| ഇനം | ജി.എസ്.ടി | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| ഹാർഡ് വുഡ് 198X90X60-50cm ടൊപ്പ് 8mm പ്ലൈവുഡ് | 18% | 60 | 3,135/- | 1,88,100/- |
| Gst | | | | 33,858/- |

| | | | | |
|---|---|---|---|---|
| ആകെ | | | | 2,21,958/- (1,88,100+18% (Gst) = 2,21,958/-) ബിൽതുക 221940/-രൂപയിൽ പരിമിതപ്പെടുത്തി. |

60 കട്ടിലുകളിൽ ആകെ 54 ഗുണഭോക്താക്കൾ കട്ടിലുകൾ കൈപ്പറ്റിയതിന്റെ രശീതികൾ മാത്രമേ ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ബാക്കിയുള്ള 6 കട്ടിലുകളുടെ നിലവിലെ സ്ഥിതി ഓഡിറ്റ് ആവശ്യങ്ങൾക്കായി ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു.

ഓഡിറ്റ് അന്വേഷണം (നം.16 13/11/'23 തീയതി) നുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി (14.11.'23)

60 കട്ടിലുകൾ വിതരണം ചെയ്യുവാനായി തെരെഞ്ഞെടുത്ത 54 ഗുണഭോക്താക്കളിൽ 6 പേർ യഥാസമയം ഗ്രാമപഞ്ചായത്തിൽ എത്തിച്ചേരാത്തതിനാൽ കട്ടിലുകൾ വിതരണം ചെയ്യുവാൻ സാധ്യമായില്ല. 2023 മാർച്ച് മാസത്തിൽ സിഡ്ക്കോയിൽ നിന്നും വാങ്ങിയ പ്രസ്തുത 6 കട്ടിലുകൾ പഞ്ചായത്തിൽ സുരക്ഷിതമായി സൂക്ഷിച്ചിട്ടുണ്ട്. കട്ടിലുകൾ കൈപ്പറ്റാത്ത 6 ഗുണഭോക്താകളുടെ പേര് വിവരങ്ങൾ :

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ |
|---|---|
| 01 | നീലി സി.പി ചോലപ്പറമ്പിൽ |
| 02 | തങ്കമ്മു ചീനിക്കപ്പറമ്പിൽ |
| 03 | കാളി.കെ.പി ചോലപ്പറമ്പിൽ |
| 04 | ചാത്ത.സി.പി ചോലപ്പറമ്പിൽ |
| 05 | നന്ദൻ മാവുണ്ടിപ്പടി |
| 06 | ലീല.സി.പി ചോലപ്പറമ്പിൽ |

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

പഞ്ചായത്തിൽ നിലവിൽ സൂക്ഷിച്ച് വച്ചിരിക്കുന്ന വിതരണം ചെയ്യാത്ത 6 കട്ടിലുകൾ വിതരണം ചെയ്തതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നത് വരെ അവയുടെ ചെലവ് തുക 22196/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

തുടർ നടപടികൾ ഓഡിറ്റിന് സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

## 1-16 സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണം - അപാകങ്ങൾ

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2022-23 വർഷങ്ങളിലെ മരണ രജിസ്റ്റ റുകളും അനുബന്ധഫയലുകളും പരിശോധനയ്ക്ക് വിധേയമാക്കി. കണ്ടെത്തിയ അപാകങ്ങൾ താഴെ പറയുന്നു.

**പെൻഷനറുടെ മരണം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിന് ശേഷവും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നു**

ഗ്രാമപഞ്ചായത്തിൽ തന്നെ മരണം രജിസ്റ്റർ ചെയ്തിട്ടുള്ള പെൻഷൻ ഗുണഭോക്താക്കളെ യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാത്തതിനാൽ വീണ്ടും പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റുന്നതായി കാണുന്നു. യഥാസമയം സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനാൽ പെൻഷണറുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതു വരെ ഡി.ബി.റ്റി സെൽ വഴി ബാങ്ക് അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യുന്നത് തുടരുന്നു.

2022-23 വർഷങ്ങളിലെ രണ്ടു വാല്യം മരണര ജിസ്റ്ററുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

ഗുണഭോക്താവിന്റെ മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറുന്നതായി ശ്രദ്ധയിൽപെട്ട ഏതാനും പേരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ ഐ.ഡി/ പെൻഷൻ തരം | മരണപ്പെട്ട തീയതി | നിലവിലെ സ്റ്റാറ്റസ് | മരണപ്പെട്ടതിനുശേഷം തുക കൈമാറിയ മാസങ്ങൾ | അനർഹമായി കൈമാറിയ ആകെ തുക |
|---|---|---|---|---|---|---|
| 1 | പാത്തുമ്മ | 108040201594 വാർദ്ധക്യകാല പെൻഷൻ | 09.09.22 | Suspended | 10/22-6/23 | 14400 (9*1600) |
| 2 | കമറുദ്ദീൻ | 108040202686 വാർദ്ധക്യകാല പെൻഷൻ | 09.03.22 | Suspended | 4/2022-5/ 2022 | 3200 (2*1600) |
| 3 | തങ്കം അമ്മ | 108040200375 വാർദ്ധക്യകാല പെൻഷൻ | 28.03.22 | Suspended | 4/2022-7/ 2023 | 6400 (4*1600) |
| 4 | കദീജ | 108040200647 വാർദ്ധക്യകാല പെൻഷൻ | 25.05.22 | Suspended | 6/2022-1/ 2023 | 12800 (8*1600) |
| 5 | ശ്രീധരൻ | 108040201392 വാർദ്ധക്യകാല പെൻഷൻ | 25.08.22 | Suspended | 9/2022-5/ 2023 | 14400 (9*1600) |

ഓഡിറ്റ് നടത്തിയ പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളാണ് മേൽ പറഞ്ഞിട്ടുള്ളത്.

സർക്കുലർ നമ്പർ 63/2021/ധന തീയതി :02.06.2021 പ്രകാരം പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും മരണപ്പെട്ടവരേയും അനർഹരായവരേയും സമയബന്ധിതമായി ഒഴിവാക്കുന്നത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ അതാത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും ഗ്രാമപഞ്ചായത്തിൽ സ്ഥിര താമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിര താമസമാക്കിയിട്ടുള്ള ഗ്രാമപഞ്ചായത്തിൽ അടുത്തമാസം 10 -ാം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച് മരണപ്പെട്ട/ അനർഹരായ ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാനുമുള്ള നടപടി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ് എന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്. ഇതു കൂടാതെ പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ് എന്നും ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

മരണപ്പെടുന്നവരെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതിനുള്ള സാഹചര്യം വ്യക്തമാണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/13.11.2023) മറുപടി ലഭ്യമാക്കിയില്ല.

മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കാനുള്ള നടപടി സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

**1-17 തെരുവു വിളക്ക് പരിപാലനം -അപാകതകൾ**

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആനക്കര ഗ്രാമപഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനത്തിലെ

കാര്യക്ഷമത, വൈദ്യുതി ചാർജിനത്തിലും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിക്കേണ്ടി വരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജും**

ഗ്രാമപഞ്ചായത്തിൽ തെരുവു വിളക്കുകളുടെ ഭൗതിക പരിശോധന നടത്തി വാർഡ് തിരിച്ചും ലാമ്പുകളുടെ ഇനം തിരിച്ചുമുള്ള കണക്ക് രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചാണ് വൈദ്യുതി ചാർജ് ഒടുക്കിവരുന്നത്. KSEB യുടെ 8-7-2019 ലെ വൈദ്യുതി ചാർജ് താരിഫ് പ്രകാരം ഈടാക്കിവരുന്ന പ്രതിമാസ വൈദ്യുതി ചാർജ് താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | പ്രതിമാസ വൈദ്യുതി ചാർജ് |
|---|---|---|---|---|
| 1 | സാധാരണ ലാമ്പ് - 40 W | 330 | 79 | 26070 |
| 2 | സി.എഫ്.എൽ - 2*11 W | 92 | 38 | 3496 |
| 3 | ട്യൂബ് - 2x40 W | 15 | 159 | 2385 |
| 4 | ട്യൂബ് - 40 W | 41 | 79 | 3239 |
| 5 | സോഡിയം വേപ്പർ ലാമ്പ് - 250 W | 56 | 531 | 29736 |
| 6 | എൽ.ഇ.ഡി ലാമ്പ്-18W | 213 | 16 | 3408 |
| ആകെ | | 1203 | | 68334 |

നിലവിൽ എൽ.ഇ.ഡി ലാമ്പുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ളതെങ്കിലും വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് 6 വ്യത്യസ്ത ഇനം ലാമ്പുകളുണ്ട്. കാലഹരണപ്പെട്ട സാധാരണ ലാമ്പുകളും സോഡിയം വേപ്പർ ലാമ്പുകളും വൈദ്യുതി ബോർഡിന്റെ കണക്കിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ബി) തെരുവു വിളക്കുകൾക്ക് മീറ്റർ ഏർപ്പെടുത്തിയില്ല**

ഉപയോഗിക്കുന്ന ഊർജ്ജത്തിന് ആനുപാതികമായി മാത്രമേ വൈദ്യുതി ചാർജ് നൽകുന്നുള്ളൂ എന്ന് ഉറപ്പാക്കുന്നതിനായി തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കണമെന്ന സർക്കുലർ നം. 43742/DC3 /2010/ത.സ്വ.ഭ.വ തിയതി 07-07-2010 ലെ സർക്കാർ നിർദ്ദേശം ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല.

മീറ്ററിംഗ് ഏർപ്പെടുത്തുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

വൈദ്യുതി തെരുവു വിളക്കുകൾ മീറ്റർ സ്ഥാപിക്കുവാനും നിലവിലുള്ള വൈദ്യുതി ചാർജ് കുറവു ചെയ്യുന്നതിന് മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുമുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/13.11.2023) മറുപടി ലഭ്യമാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ ആവിഷ്കരിക്കേണ്ടതാണ്.

5. തെരുവു വിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 ഹരിതമിത്രം സ്മാർട്ട് ഗാർബേജ് പദ്ധതി - പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി സ.ഉ (ആർ.ടി)നം. 2307/2021/LSGD തി.18-11-2021 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

പ്രോജക്ട്- നം. 345/23, സ്മാർട്ട് ഗാർബേജ് പദ്ധതി

നിർവഹണ ഉദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ- ₹205000 (സി.എഫ്.സി ടൈഡ്)

ചെലവ്- ₹ 204900
ചെലവ് വിശദാംശം

| വൌച്ചർനമ്പർ/തീയതി | തുക |
|---|---|
| 42201113/26-3-2023 | 175000 |
| 42201112/26-3-2023 | 29900 |

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേനകൾക്ക് സ്മാർട്ട് ഫോൺ, ഓഫീസ് ആവശ്യത്തിനായി ലാപ്ടോപ് എന്നിവ ലഭ്യമാക്കുന്നതിനും കെൽട്രോണിന് സർവ്വീസ് ചാർജ് നൽകുന്നതിനുമായി ഫണ്ട് വകയിരുത്തുന്നതിനാണ് മേൽ പരാമർശിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തരവ് പ്രകാരം സർവ്വീസ് ചാർജ്- 135700രൂപ, എസ്.എം.എസ് ചാർജ്- 7200 രൂപ, ക്യൂ.ആർ കോഡ്- 12000 രൂപ, ലാപ്ടോപ്- 50000 രൂപ എന്നിങ്ങനെ ചെലവഴിക്കാവുന്നതാണ്. കെൽട്രോണിന് സർവ്വീസ് ചാർജ്, എസ്.എം.എസ് ചാർജ് എന്നീ ഇനങ്ങൾക്കായി 142900/- രൂപയും QR Code പ്രിന്റിംഗ് ചാർജ്, ലാപ്ടോപ്പ് എന്നിവയ്ക്കായി 62000/- രൂപയും കെൽട്രോണിന് നൽകിയിട്ടുണ്ട്. സെക്രട്ടറി കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.
ക്യൂ.ആർ കോഡുകൾ ലഭ്യമായതിന്റെയും ആയവ വീടുകളിലും സ്ഥാപനങ്ങളിലും പതിപ്പിച്ചതിന്റെയും കസ്റ്റമർ എൻറോൾമെന്റിന്റെയും നിലവിലെ പുരോഗതി വിവരം, ഹരിത കർമ്മസേനാംഗങ്ങൾക്ക് കെൽട്രോണിൽ നിന്നും സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രായോഗിക പരിശീലനം ലഭ്യമായിട്ടുണ്ടോ എന്നതിന്റെ വിവരം, ആപ്പ് മുഖേനയുള്ള മോണിറ്ററിംഗ് പ്രവർത്തനം ആരംഭിച്ചതിന്റെ പുരോഗതി വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/8.11.23) ലഭ്യമാക്കിയ മറുപടിയിൽ സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റവുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നുവെന്നാണ് അറിയിച്ചത്.

ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി അറിയിക്കേണ്ടതാണ്.

## 1-19 ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഒ.ഡി.എഫ് - വ്യക്തിഗത ശൗചാലയ നിർമ്മാണം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്രോജക്ട്- നം. 33/23, ഒ.ഡി.എഫ് ഗ്യാപ് ഫില്ലിംഗ്- വ്യക്തിഗത ശൗചാലയ നിർമ്മാണം - ജനറൽ Spill Over

അടങ്കൽ - 101500 (സംസ്ഥാനാവിഷ്കൃത ഫണ്ട്-67500 + തനത് ഫണ്ട്-34000 )

ചെലവ്- 46600

ചെലവ് വിശദാംശം

| വൌച്ചർ നമ്പർ/തീയതി | തുക |
|---|---|
| 42200273/15-7-2022 | 6000 |
| 42200286/19-7-2022 | 4500 |
| 42200286/19-7-2022 | 6000 |
| 22200654/22-7-2022 | 7000 |
| 42200286/29-9-2022 | 4500 |
| 22200793/10-11-2022 | 3400 |
| 22200832/30-11-2022 | 3400 |
| 42200993/13-2-2023 | 3400 |
| 42201101/13-3-2023 | 5000 |
| 42201100/13-3-2023 | 3400 |

വ്യക്തിഗത ശൗചാലയ നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് 15400/- രൂപ വീതം നൽകുന്നതിനാണ് പ്രോജക്ട് മുഖേന ലക്ഷ്യമിട്ടത്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് 7500/- രൂപ വീതം ആദ്യ ഗഡു അനുവദിച്ചിട്ടുണ്ട്. നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് ബാക്കി തുക കൈപ്പറ്റിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് |
|---|---|
| 1 | വാസുദേവൻ S/oകോരൻ, കൂടല്ലൂർ, ആനക്കര |
| 2 | കാളി W/o അയ്യപ്പൻ, കൂടല്ലൂർ, ആനക്കര |
| 3 | കാർത്ത്യായനി, മുത്തുവിളയും കുന്ന്,ആനക്കര |
| 4 | ലീല W/o ഉണ്ണികൃഷ്ണൻ, പന്നിയൂർ, ആനക്കര |
| 5 | അനിത W/oഉപ്രൻ, നൊട്ടേഴിയം, ആനക്കര |
| 6 | സിന്ധു , മുണ്ടക്കോട്, ആനക്കര |
| 7 | ലിജു, ഉമ്മത്തൂർ, ആനക്കര |
| 8 | ലീല, പെരുമ്പലം, ആനക്കര |

| | |
|---|---|
| 9 | ചെമ്പി, മേലേഴിയം, ആനക്കര |

മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ ശൗചാലയ നിർമ്മാണത്തിന്റെ പൂർത്തീകരണ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 10/08.11.2023) തുടർ നടപടി സ്വീകരിച്ചുവരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്.

പ്രവർത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-20 കൗ ലിഫ്റ്റ് വാങ്ങൽ പദ്ധതി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

